بسم الله الرحمن الرحيم

IN THE NAME OF ALLAH THE GRACIOUS THE MERCIFUL

# പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ



## ഒരു ചരിത്ര സംഭവം

**“നൂറുൽ ഇസ്‌ലാം മസ്ജിദിലെ പ്രഥമ യോഗം”**

## ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം
## (കേരള)

22 –24 ജൂലൈ 2011

*പ്രഭാഷണം :* **ഹസ്രത്ത് മുഹ്‌യിദ്ദീൻ, അൽ ഖലീഫത്തുല്ലാ മുനീർ അഹ്‌മദ് അസീം**

# കരുണാനിധിയും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു സർവ്വസ്തുതി അല്ലാഹുവിനാകുന്നു. വീണ്ടും സർവ്വ സ്തുതിയും അല്ലാഹുവിനു മാത്രമാകുന്നു. കേരളത്തിലെ മാത്രയിൽ സ്ഥിതി ചെയ്യുന്ന നൂറുൽ ഇസ്ലാം പള്ളിയിൽ (ഇസ്ലാമിന്റെ പ്രകാശം പരത്തുന്ന ആരാധനാലയം) നമ്മുടെ ഔദ്യോഗികമായ മസ്ജിദിൽ ആദ്യമായി നടത്തപ്പെടുന്ന പരിപാടിയിൽ അൽപം ചില വാക്കുകൾ നിങ്ങളുമായി പങ്കിടുവാൻ എനിക്കതിയായ സന്തോഷമുണ്ട്.

അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു. "ചില വീടുകളിലാണ് (ആ വിളക്ക്) ഉള്ളത്. അവ ഉയർത്തപ്പെടാനും അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാനും അവൻ കൽപ്പിച്ചിരിക്കുന്നു. അവിടെവെച്ച് രാവിലെയും വൈകുന്നേരവും അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു."

"ചില പുരുഷന്മാർ (അതിൽവെച്ച്) ദൈവനാമത്തെ പ്രകീർത്തിക്കുന്നു. അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നമസ്ക്കാരം നിലനിർത്തുന്നതിൽ നിന്നും സക്കാത്തു കൊടുക്കുന്നതിൽ നിന്നും വ്യാപാരമോ ക്രയവിക്രയമോ അവരെ അശ്രദ്ധരാക്കുകയില്ല. ഹൃദയങ്ങളും കണ്ണുകളും അടിമേലായി മറിഞ്ഞുപോകുന്ന ഒരു നാളിനെ അവർ ഭയപ്പെടുന്നു."

"തൽഫലമായി അവർ പ്രവർത്തിച്ചതിന് അല്ലാഹു അവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുന്നതാണ്. അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് കൂടുതൽ നൽകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ അവൻ ജീവിത വിഭവം നൽകുന്നതുമാണ്." (വി. ഖുർആൻ അധ്യായം 24 അന്നൂർ 37–39)

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വചനങ്ങളിൽ ഊന്നിപ്പറയുന്നത് ചില വീടുകളുണ്ട്. (അല്ലാഹുവിന്റെ ഭവനങ്ങളും അതിൽപ്പെടുന്നതാണ്.) അവിടെ അല്ലാഹുവിന്റെ യഥാർത്ഥ ദാസന്മാർ വസിക്കുന്നു. അവിടെ അവർ രാവും പകലും അല്ലാഹുവിന്റെ മഹത്വത്തെ പ്രകീർത്തനം ചെയ്യുന്നു. അവർ അവരുടെ ഭവനങ്ങളെ പള്ളികളാക്കി മാറ്റിയിരിക്കുകയാണ്. അല്ലാഹുവിനെ സ്മരിക്കുന്നതിനുള്ള പരിശുദ്ധാലയമാക്കിയിരിക്കുകയാണ്. അവർ അല്ലാഹുവുമായി വളരെ അടുത്തിരിക്കുന്നു. ആ അനന്ത സത്തയെ, സത്യത്തെ അവർ അംഗീകരിക്കുകയും എല്ലാ രീതിയിലും അല്ലാഹുവിനായി തങ്ങളുടെ ജീവിതം അർപ്പിക്കുകയും ചെയ്തിരിക്കുന്നു. അവർ തങ്ങളുടെ ഭവനങ്ങളെ ശവപറമ്പുകളായി മാറ്റുന്നവരല്ല. അവരുടെ ഭവനങ്ങളിൽ പിശാച് പ്രവേശിക്കുന്നതല്ല. ജനങ്ങൾക്ക് മാതൃകയായി തീരുവാൻ അവർ പരമാവധി പരിശ്രമിക്കുകയും അങ്ങനെ അവരെ രൂപപ്പെടുത്തി എടുക്കുകയും ചെയ്യുന്നവരാണിവർ. അവരുടെ മാതൃകാ ജീവിതം അവർ തങ്ങളുടെ വീടുകളിൽ നിന്ന് ആരംഭിക്കുന്നു. അത് അവർ തങ്ങളുടെ കുടുംബാംഗങ്ങളിൽ പ്രകടിപ്പിക്കുന്നു. അവരെ വിദ്യാസമ്പന്നരാക്കുകയും, പരമോന്നതനും പരിശുദ്ധനുമായ അല്ലാഹുവിന്റെ മുമ്പിൽ മാത്രം അവരെ സമർപ്പിക്കുവാൻ അവർ അവരെ പ്രാപ്തരാക്കുന്നു. അല്ലാഹുവിനോടുള്ള അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് എപ്പോഴും അവർ ബോധവാന്മാരും ബോധവതികളുമായിരിക്കും. വിശുദ്ധ ഖുർആനിൽ കാണിച്ചു തന്നതനുസരിച്ച് അവരുടെ ജീവിതത്തെ കരുപിടിപ്പിക്കുകയും ചെയ്യുന്നവരാണവർ.

ഈ വിശ്വാസികളെയാണ് അല്ലാഹു സ്നേഹിക്കുന്നത്. അവർ അവരുടെ സമയം അല്ലാഹുവിനെ ആരാധിക്കുന്നതിനായി ചെലവഴിക്കുന്നു. അവർ സ്വയം അവനുമായി അടുത്തിരിക്കുന്നു. അവനെ പ്രീതിപ്പെടുത്താനായി എല്ലാ കഴിവുകളും ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും ഈ ലോകത്തിലെ യാതൊന്നും അവരെ പിന്തിരിപ്പിക്കുകയില്ല. അവർ അവരുടെ ഭവനങ്ങളെ ഒരു സമാധാന ആരാമമാക്കി മാറ്റുന്നതാണ്. അവർ അവിടെ അല്ലാഹുവിന്റെ വചനങ്ങൾ മാത്രമാണ് പാരായണം ചെയ്യുക. അത്തരത്തിലുള്ള ഭവനങ്ങളെ അല്ലാഹു അനുഗ്രഹിച്ചിരിക്കുന്നു. ഏതൊരു ഭവനത്തിലാണോ അല്ലാഹുവിന്റെ മഹത്വം പ്രകീർത്തനം ചെയ്യുന്നത്. അവിടെ ആയിരക്കണക്കിനു മാലാഖമാർ ഇറങ്ങുകയും അല്ലാഹുവിനോട് ഭക്തി പ്രകടിപ്പിക്കുന്ന അവരെ അനുഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ദൈവീക വെളിപാടുകളുടെ ആരംഭ ദശയിൽ ദൈവീകാരാധന നടത്തുന്നതിനു ശരിയായ രീതിയിലുള്ള ആരാധനാലയങ്ങൾ ഉണ്ടായിരിക്കുകയില്ല. അത്തരം സാഹചര്യത്തിൽ നമ്മുടെ ഭവനങ്ങളെ പള്ളികളായി നാം മാറ്റേണ്ടതാണ്. അങ്ങനെ നമ്മുടെ സഹോദരീ സഹോദരന്മാരും കുട്ടികളും ഈ ദൈവീക സന്ദേശം മനസ്സിലാക്കുകയും ഈ വിനീതൻ ഈ നൂറ്റാണ്ടിലെ മുഹ്‌യിദ്ദീനും, അമീറുൽ മുഅ്മിനീനും ആണെന്നു വിശ്വസിക്കുകയും ചെയ്യുന്നവർ മുന്നോട്ടു വരികയും അവർ, ജമാഅത്തു നമസ്കാരങ്ങളും, ജുംഅ നമസ്കാരങ്ങളും മറ്റു പരിപാടികളും (പഠനം, പെരുന്നാൾ പരിപാടി തുടങ്ങിയവ) വീടുകളിൽ സംഘടിപ്പിക്കേണ്ടതുമാണ്.

പ്രിയപ്പെട്ട കേരളത്തിലെ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം സഹോദരിമാരേ, സഹോദരന്മാരേ, ഈ നൂറ്റാണ്ടിൽ മൗറിഷ്യസിനു പുറത്തു വളരെ വളരെ വിദൂരതയിലുള്ള നിങ്ങൾക്ക് ഈ ദൈവീക വെളിപാടുകൾ, സ്വീകരിക്കുവാനും സാക്ഷികളാകുവാനും അങ്ങനെ അല്ലാഹുവിലും ഈ വിനീതനിലും വിശ്വസിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചിരിക്കുന്ന പ്രഥമരിൽ പ്രഥമരാണ്. നിങ്ങളിൽ ചിലർക്ക് പ്രത്യേകതരത്തിലുള്ള ദൃഷ്ടാന്തങ്ങൾ, സ്വപ്നങ്ങൾ, മാത്രമല്ല വെളിപാടുകൾ വരെ ലഭ്യമായിട്ടുന്നെറിയാം. അല്ലാഹു അവന്റെ അനുഗ്രഹവും, സ്നേഹവും നിങ്ങളുടെ മേൽ വർഷിച്ചിരിക്കുകയാണ്. കാരണം അവൻ നിയോഗിച്ച അവന്റെ വിനീത ഖലീഫയെ നിങ്ങൾ നിങ്ങളുടെ നെഞ്ചോട് ചേർത്ത് നിർത്തിയതിനാലാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നിങ്ങളെല്ലാ പേരും, പ്രത്യേകിച്ച് അമീർസാഹിബ്, എന്റെ പ്രിയ സഹോദരൻ ജമാലുദ്ദീൽസാഹിബ്, വളരെ കൂടുതൽ നൽകുവാൻ ഒരുമടിയും കാട്ടിയിട്ടില്ല. അത് സാമ്പത്തികമായിട്ടായാലും ശരി മറ്റു രീതിയിലായാലും ശരി, ഇസ്‌ലാമിനു വേണ്ടി, ശരിയായ് ഇസ്‌ലാമിനു വേണ്ടി. ഇവിടെ ഹാജരായിരിക്കുന്ന ആരുടേയും മനോവികാരത്തെ വ്രണപ്പെടുത്തുവാനല്ല ഞാനിതു പറഞ്ഞത്. നിങ്ങളുടെ പണം മാത്രമാണ് ആവശ്യമായിട്ടുള്ളത് എന്നുമല്ല ഇതിനർത്ഥം. അല്ല, ഒരിക്കലുമല്ല. നിങ്ങൾക്ക് നൽകുവാൻ സാമ്പത്തികമില്ലെങ്കിൽ, വിഷമിക്കേണ്ട നിങ്ങൾ നന്മ പ്രചരിപ്പിക്കുക, അതായത് അല്ലാഹുവിന്റെ ദിവ്യദൃഷ്ടാന്തത്തെ പറ്റിയുള്ള സുവാർത്ത പ്രചരിപ്പിക്കു, നിങ്ങൾ നല്ലവരായിരിക്കുക, നിങ്ങൾ മറ്റുള്ളവർക്കായി നല്ലതു പ്രവർത്തിക്കുക. അപ്പോൾ അവർ നിങ്ങളിലൂടെ സഹീഹിൽ ഇസ്‌ലാമിന്റെ (ഇസ്‌ലാമിലെ യഥാർത്ഥ സംഘത്തിന്റെ) പ്രാകാശം ദർശിക്കുമാറാകും.

അല്ലാഹുവിനാണ് സർവ്വസ്തുതിയും. നമ്മുടെ ജമാഅത്തിനു വേണ്ടി ഒരു വലിയഭാഗം ഭൂമിയും, കെട്ടിടവും അമീർ സാഹിബ് ഔദാര്യപൂർവ്വം നൽകിയിരിക്കുകയാണ്. അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ചുകൊണ്ട്, ഭൂമിയിൽ, ഒരു സത്യവിശ്വാസി ഒരു പള്ളി നിർമ്മിക്കുക എന്നത് തീർച്ചയായും അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹങ്ങളിൽപ്പെട്ട കാര്യമാണ്. ഞാൻ സന്തോഷവാനാണ്, അതായത് ജമാലുദ്ദീൻ സാഹിബും അദ്ദേഹത്തിന്റെ ആദരണീയ ഭാര്യ ശരീഫബീവി സാഹിബയും ഈ കാര്യം പ്രാവർത്തികമാക്കുന്നതിൽ നല്ലനിലയിൽ ഉദ്യമിച്ചിരിക്കുന്നു, അതും അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടി മാത്രം.

അബൂഹുറൈറ (റ) യും അബൂസഈദും (റ) റിപ്പോർട്ടു ചെയ്യുകയും ഈരുവരും തറപ്പിച്ചു പറയുകയും ചെയ്തിരിക്കുന്നു. അതായത് പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ.അ) പറഞ്ഞു. ജനങ്ങൾ അല്ലാഹുവിനെ സ്മരിക്കുന്ന സദസ്സ് എവിടെയാണോ അവിടെ മാലാഖമാർ വലയം ചെയ്യുന്നു. അവരെ അല്ലാഹുവിന്റെ അനുഗ്രഹം വലയം ചെയ്യുന്നു, അവരിൽ ശാന്തത ആപതിക്കുന്നു. അല്ലാഹു അഭിമാനപുരസരം, അവന്റെ ചുറ്റുമുള്ള മാലാഖമാരോട് അവരെ പറ്റി പറയുന്നു, (അതായത് മാലാഖമാരുടെ സദസ്സിനോട് അല്ലാഹു പറയുന്നു.)

ഹസ്രത്ത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. അതായത് പ്രവാചക പ്രഭു (സ.അ) പറഞ്ഞു. സർവ്വശക്തനായ അല്ലാഹു പറഞ്ഞു, എന്റെ ദാസൻ എന്നെപ്പറ്റി എങ്ങനെ ചിന്തിക്കുന്നുവോ ഞാൻ അങ്ങനെയാകുന്നു. അവൻ എന്നെപ്പറ്റി പറയുമ്പോൾ ഞാൻ അവനോടൊപ്പമുണ്ട്. അവൻ സ്വയം എന്നെ ഓർക്കുമ്പോൾ ഞാൻ സ്വയം അവനെക്കുറിച്ച് ഓർക്കുന്നു. ഒരു സദസ്സിൽ അവൻ എന്നെ ഓർക്കുമ്പോൾ, ഞാൻ അവനെഅതിനേക്കാൾ നല്ലൊരു സദസ്സിൽ ഓർക്കുന്നതാണ്. ഒരു മുഴം നീളത്തിൽ അവൻ എന്നോടടുത്താൽ ഞാൻ ആറടി നീളത്തിൽ അവനോട് അടുക്കുന്നതാണ്. അവൻ എന്റെയടുത്തു നടന്നുവന്നാൽ, ഞാൻ അവന്റെയടുത്തു ഓടി അടുക്കുന്നതാണ്. (അഹ്മദ്/ബുഖാരി/ മുസ്ലീം തിർമിദി, ഇബ്നുമാജ)

ഇനി നിങ്ങൾ ഒന്നു സങ്കൽപ്പിക്കുക. ഒരു നിഷ്ക്കളങ്ക വിശ്വാസി തന്റെ ഭവനത്തെ യഥാർത്ഥ ആരാധനയ്ക്കുള്ള സ്ഥലമാക്കി മാറ്റിയാൽ അഥവാ തന്റെ സ്ഥലവും കെട്ടിടവും മസ്ജിദിന്നായി കൈമാറ്റം ചെയ്താൽ, രാവും പകലും, അദ്ദേഹവും, വിശ്വാസി സമൂഹവും നല്ല പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്താൽ അല്ലാഹുവിനെ സ്മരിക്കുന്നതിനായി അവർ സ്വയം അതുമായി ബന്ധപ്പെട്ടു നിന്നാൽ, ദിവസവുമുള്ള അഞ്ചുനേര നമസ്കാരത്തിലൂടെ അവനെ ആരാധിച്ചാൽ, അതുപോലെ തഹജ്ജുദ് നമസ്കാരം നിർവ്വഹിച്ചാൽ, വിശുദ്ധ ഖുർആൻ പാരായണം ചെയ്താൽ, തീർച്ചയായും അത്തരം വിശ്വാസികൾക്ക് അല്ലാഹു വളരെയധികം പ്രതിഫലം ഒരുക്കിവെച്ചിരിക്കുന്നു, അത് ഈ ലോകത്തു മാത്രമല്ല, നാളെ പരലോകത്തും.

അബൂദർറ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു. ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. അല്ലാഹുവിനോടുള്ള ഭയം നിങ്ങളുടെ ഉള്ളിൽ ദൃഢതരമാക്കുക, കാരണം എല്ലാ നല്ല കാര്യങ്ങൾക്കുമുള്ള യഥാർത്ഥ വഴി ഇതുമാത്രമാണ്. വിശുദ്ധ ഗ്രന്ഥം പാരായണം ചെയ്യുന്നത് ശീലമാക്കുക, അല്ലാഹുവിനെ സ്മരിക്കുന്നത് എപ്പോഴും നിലനിർത്തുക. ഇതിലൂടെ നിങ്ങളുടെ നാമം ആകാശങ്ങളിൽ സ്മരിക്കപ്പെടും. ഇത് ഈ ലോകത്തുവെച്ചു തന്നെ നിങ്ങൾക്ക് ഒരു പ്രകാശമായി തീരുന്നതാണ്. മിക്കപ്പോഴും നിങ്ങൾ ശാന്തതയോടെ വർത്തിക്കുക. അങ്ങനെയായാൽ നിങ്ങളിൽ നിന്ന് നല്ലവാക്കുകൾ മാത്രം ഉണ്ടാകുന്നതാണ്. അതുപോലെ സാത്താൻ നിങ്ങളിൽ നിന്നും വിദൂരത്തിലാകുന്നതുമാണ്. അപ്പോൾ നിങ്ങളുടെ മതപരമായ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കുവാൻ നിങ്ങൾ കഴിയുന്നതാണ്. നിങ്ങൾ വളരെയധികം ചിരിക്കരുത്, കാരണം അത് നിങ്ങളുടെ ഹൃദയത്തെ ദുർബലപ്പെടുത്തും, മുഖ പ്രകാശത്തെ നീക്കം ചെയ്യും, ധർമ്മസമരത്തിൽ (ജീഹാദ്) എപ്പോഴും പങ്കെടുക്കുക, ഇത് എന്റെ ഉമ്മ ത്തിന്റെ ധാർമ്മികാടിത്തറയുടെ അടയാളമാണ്. സാധുക്കളെ സ്നേഹിക്കുക.അവരോടൊപ്പം സമയം ചെലവിടുക. എപ്പോഴും താഴേക്കിടയിലുള്ള ആളുകളിലേക്ക് നോക്കുക, നിങ്ങളേക്കാൾ ഉയരത്തിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. കാരണം അങ്ങനെയായാൽ നിങ്ങൾ അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുകയില്ല. നിങ്ങളോട് അടുത്ത ആളുകളോട് എപ്പോഴും നല്ല ബന്ധം സ്ഥാപിക്കുക. അവർ അത് നിലനിർത്തുവാൻ ആഗ്രഹിക്കുന്നില്ലെങ്കിലും സത്യം പറയുന്നതിൽ നിന്നും മാറി നിൽക്കരുത്. ജനങ്ങൾക്ക് അത് അഹിതമായിരുന്നാലും അല്ലാഹുവിനെ അനുസരിക്കുന്നതും മറ്റുള്ളവർ നിങ്ങളെ വിമർശിച്ചാൽ നിങ്ങൾ അവരെ ഭയപ്പെടരുത്. നിങ്ങൾ നിങ്ങളുടെ തെറ്റുകളിലേക്ക് നോക്കുക, ഒരിക്കലും മറ്റുള്ളവരുടെ തെറ്റുകളിലേക്ക് നോക്കരുത്. നിങ്ങളുടെ തെറ്റുകളെ മറ്റുള്ളവർ വിമർശിച്ചാൽ നിങ്ങൾ അവരെ വിമർശിക്കരുത്. അല്ലയോ അബൂദർറ് ദൃഷ്ടിഗോചരമല്ലാത്തതിനെ കാണുന്നതിനുള്ള ശക്തിയേക്കാൾ കവിഞ്ഞ മറ്റൊരു ജ്ഞാനമില്ല, അല്ലാഹു നിരോധിച്ചതിൽ നിന്നും മാറി നിൽക്കുന്നതിനേക്കാൾ വലിയ ധാർമ്മിക നിഷ്ഠവേറെയില്ല. സൽസ്വഭാവത്തേക്കാൾ കവിഞ്ഞ കുലീനത വേറെയില്ല.

ആത്മാവിനേയും, ഹൃദയത്തേയും ആദ്ധ്യാത്മിക ശുദ്ധീകരണത്തിനുള്ള വഴി അല്ലാഹുവിനെ സ്മരിക്കൽ മാത്രമാണ്, ഇതിലൂടെ നിങ്ങൾ എപ്പോഴും അല്ലഹുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നതിനും, അവന്റെ സംരക്ഷണയിലായിരിക്കുന്നതുമാണ്. അത് ശാരീരികമായാലും ആദ്ധ്യാത്മികമായാലും ശരി.

സർവ്വാധിരാജനായ അല്ലാഹു വിശുദ്ധ ഖുർആനിൽ അധ്യായം 31 ൽ 34 –ാം വചനത്തിൽ ഇപ്രകാരം പറയുന്നു. മനുഷ്യരേ നിങ്ങളുടെ നാഥനെ സൂക്ഷിക്കുക. ഒരു നാളിനെ ഭയപ്പെടുക. അവന് ഒരു പിതാവും തന്റെ സന്താനത്തിനു പ്രയോജനപ്പെടുകയില്ല. (അതേ പ്രകാരം) ഒരു സന്താനവും തന്റെ പിതാവിനു വേണ്ടിയും ഒന്നും പ്രയോജനപ്പെടുകയില്ല. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുന്നതു തന്നെയാണ്. അതിനാൽ ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ ! പരമവഞ്ചകനും (പിശാച്) അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ.

അങ്ങനെ, ഈ വചനം അർത്ഥമാക്കുന്നത്. സാത്താൻ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. തെറ്റുകൾ ചെയ്യുവാൻ അവൻ നിങ്ങളെ ഉത്തേജിപ്പിക്കാതിരിക്കണം. അല്ലാഹുവിന്റെ ക്രോധം നിങ്ങളിൽ ആപതിക്കാതിരിക്കുവാനുള്ള മാർഗ്ഗം ഇതുമാത്രമാണ്. കാരണം മനുഷ്യന്റെ ഏറ്റവും വലിയ ശത്രു സാത്താനാകുന്നു. ഒരു യഥാർത്ഥ വിശ്വാസി സാത്താനെ ആട്ടിയോടിക്കുവാനുള്ള ഒരവസരവും നഷ്ടപ്പെടുത്തുകയില്ല. കാരണം ലജ്ജാകരമായ പ്രവർത്തികൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നവനാണ് സാത്താൻ, അതിലൂടെ മനുഷ്യനെ നേർവഴിയിൽ നിന്നും ദുഷിച്ച വഴിയിലേക്ക് തിരിച്ചു വിടുന്നു.

ഈ വചനത്തിന്റെ മറ്റൊരു വിശദീകരണം, ആത്മാർത്ഥ സത്യവിശ്വാസികൾ തങ്ങളുടെ ഭവനങ്ങളെ യഥാർത്ഥ പള്ളികളാക്കിമാറ്റുന്നു. അല്ലെങ്കിൽ അവർ ഒരു പള്ളി നിർമ്മിക്കുന്നു. മറ്റുള്ളവർക്ക് വരുന്നതിനും, ജമാഅത്തായി നമസ്കാരം നിർവ്വഹിക്കുന്നതിനും ദീനുൽ ഇസ്ലാമിന്റെ പ്രചരണത്തിനുള്ള കേന്ദ്രമായി ഉപയോഗിക്കുവാനും കഴിയുന്നു. അത്തരത്തിലുള്ള വീടുകളും പള്ളികളും മറ്റു സാധാരണ ഭവനങ്ങളെ അപേക്ഷിച്ച് കൂടുതലായി അനുഗ്രഹിക്കപ്പെട്ടവയാണ്. കാരണം അവയാണ് യഥാർത്ഥ പള്ളികൾ, അവിടെ വിശ്വാസികൾ സ്ഥിരമായി ദൈവസ്ത്രോത്രം നടത്തുന്നു. അവന്റെ കൽപ്പനകൾക്ക് വിധേയരായി അവരെ തന്നെ സമർപ്പിക്കുന്നു.

ഇബ്നു മാജയിൽ ഒരു ഹദീതു രേഖപ്പെട്ടുകിടക്കുന്നു. ഹസ്രത്ത് മുഹമ്മദ് (സ.അ) പറഞ്ഞു. അല്ലാഹുവിനെ സ്മരിക്കുന്നതിനും (ദിക്റുല്ലാ) നമസ്കാരം നിർവ്വഹിക്കുന്നതിനുമാണ് പള്ളികൾ നിർമ്മിക്കുന്നത്.

മറ്റൊരു ഹദീതിൽ ഹസ്രത്ത് ഉത്മാൻ (റ) പറയുന്നു. അതായത് അല്ലാഹുവിന്റെ പ്രീതിമാത്രം പ്രതീക്ഷിച്ച് അല്ലാഹുവിനു വേണ്ടി ഒരു മസ്ജിദ് ഒരാൾ നിർമ്മിച്ചാൽ, അവനു വേണ്ടി അല്ലാഹു സ്വർഗ്ഗത്തിൽ ഒരു ഭവനം നിർമ്മിക്കുന്നതാണ്. (സഹീഹ് ജുഖാരി / സഹീഹ് മുസ്ലീം)

ഇബ്സു അബ്ബാസ് (റ) വിവരിക്കുന്നു. അല്ലാഹുവിന്റെ പരിശുദ്ധ ദൂതൻ മുഹമ്മദ് (സ.അ) പറഞ്ഞു. അല്ലാഹുവിനുവേണ്ടി ആര് ഒരു പള്ളി നിർമ്മിക്കുന്നുവോ അതൊരു പക്ഷിക്കൂടിന്റെ വലിപ്പമായിരിന്നാലും ശരി) സ്വർഗ്ഗത്തിൽ അവനു വേണ്ടി അല്ലാഹു ഒരു ഭവനം നിർമ്മിക്കുന്നതാണ്. (അഹ്മദ്/ ഇബ്നു ഹിബ്ബാൽ, അൽ ബസ്സാർ–സഹീഹ്)

ഞാൻ പറഞ്ഞ ഈ ഹദീസുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയും, അതായത് അല്ലാഹുവിനെ സ്മരിക്കുന്നതിനു വേണ്ട) പള്ളി നിലനിൽക്കേണ്ടതിന്റെ വിലയും ആവശ്യകതയും)

പള്ളി നിർമ്മാണത്തിൽ അല്ലാഹു വളരെയധികം അനുഗ്രഹങ്ങൾ ചെയ്യുന്നതാണ് എന്ന് തറപ്പിച്ചു പറഞ്ഞിരിക്കുകയാണ്, ഇപ്പോൾ നിങ്ങൾ ഒന്നു സങ്കൽപ്പിച്ചു നോക്കൂ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിഷ്ക്കളങ്കരായ വിശ്വാസികൾ സമർപ്പിക്കുന്ന ആ ഭവനങ്ങൾ എന്തുമാത്രം അനുഗ്രഹപ്രദമായിരിക്കുമെന്ന്. ദൈവദൂതന്മാർ ആഗതരാകുന്ന കാലഘട്ടങ്ങളിൽ അവരുടെ അനുയായികളെ പാർശ്വവൽക്കരിക്കുകയും ഭൂരിപക്ഷം അവരെ പലതരത്തിലും പീഡിപ്പിക്കുകയും ചെയ്യുന്നതാണ്. അതിന് ഈ ദൂതനും അനുയായികളും ഇക്കാലത്ത് സാക്ഷികളാണ്. ഇതുതന്നെയാണ് കഴിഞ്ഞു കടന്ന പ്രവാചകന്മാരും നേരിട്ടത്. അതുപോലെതന്നെ ഹസ്രത്ത് മുഹമ്മദ് (സ.അ) യുടെ കാലത്തും, അതായത് ഖുറൈഷികൾ അദ്ദേഹത്തെ മക്കയിൽ നിന്നും നാടുകടത്തി, കഅ്ബയിൽ പോയി ആരാധന നടത്തുന്നതിന് അവർ വിലക്കേർപ്പെടുത്തി. എന്നിരുന്നാലും അല്ലാഹു തന്റെ പ്രവാചകനെ കൈവിട്ടില്ല. വിശുദ്ധ ഖുർആനിലൂടെ സന്ദേശം നൽകി. അതായത് ഭൂമി മുഴുവൻ നിനക്കുള്ള മസ്ജിദാണ്.(ഹദീസ് : മലമൂത്രവിസർജ്ജന സ്ഥലവും ശ്മശാനവും ഒഴികെ)

അങ്ങനെ പ്രസ്തുതവചനത്തിൽ പറയുന്ന ചില വീടുകളിലാണ് (ആ വിളക്ക്) ഉള്ളത്. അവ ഉയർത്തപ്പെടാനും അവയിൽവെച്ച് അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാനും അവൻ കൽപ്പിച്ചിരിക്കുന്നു. അവിടെവെച്ച് രാവിലെയും വൈകുന്നേരവും അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ഇതുകൊണ്ടർത്ഥമാക്കുന്നത്. എല്ലാനിലയിലും, സദ്ദുദ്ദേശത്തോടെ, സത്യവിശ്വാസികളുടെ ഭവനങ്ങളെ ദീനി സേവനത്തിനായി പള്ളികളാക്കി മാറ്റിയാൽ, നിശ്ചയമായും അത്തരം ഭവനങ്ങളെ അല്ലാഹു വളരെയധികം അനുഗ്രഹിക്കുന്നതാണ്. ആരാണോ തങ്ങളുടെ ഭവനങ്ങളെ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ സ്വർഗ്ഗമാക്കി പരിവർത്തനം ചെയ്യുവാൻ ശ്രമിക്കുന്നത് അത്തരം ഭവനങ്ങളെ നിശ്ചയമായും അല്ലാഹു സംരക്ഷിക്കുന്നതാണ്. അവയെ സാത്താന്റെയും അവന്റെ പട്ടാളത്തിന്റെയും ഉപദ്രവത്തിൽ നിന്നും അവൻ രക്ഷിക്കുന്നതാണ്.

അല്ലാഹുവിന്റെ ദൂതന്മാരുടെ കാലഘട്ടങ്ങളിൽ, അല്ലാഹുവിന്റെ ദൂതന്മാരുടെ അനുയായികൾ അവരുടെ വീടുകൾ തന്നെ അല്ലാഹുവിനെ ആരാധിക്കുന്നതിനായി ക്രമീകരിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ അവർക്ക് അവരുടേതായ പള്ളി ഉണ്ടായിരിക്കില്ല. ജമാഅത്തായി നമസ്കരിക്കുവാൻ അതുപോലെ ഇക്കാലത്ത് എന്റെ അനുയായികളും ഇതേ പ്രശ്നം നേരിടുന്നതാണ്, എന്നാൽ ആദ്യം ആരാണോ ഇക്കാര്യങ്ങൾക്ക് മുന്നോട്ട് വരികയും, അവരുടെ ഭവനങ്ങൾ, ജമാഅത്തായി നമസ്കരിക്കുവാനും ദീനിപ്രവർത്തനങ്ങൾ നടത്തുവാനുമായി തുറന്നു കൊടുക്കുന്നത് അവർ തീർച്ചയായും അനുഗ്രഹീതരാണ്, അല്ലെങ്കിൽ, സ്ഥലം നൽകുകയോ, ഒരു പള്ളി നിർമ്മിക്കുകയോ, നല്ല ഉദ്ദേശത്തോടെ അല്ലാഹുവിന്റെ തൃപ്തിക്കായി, സമുദായത്തിലെ വിശ്വാസിക്കൾക്കായി, സമർപ്പിക്കുമ്പോൾ, തീർച്ചയായും അത് മഹത്വരമായ കാര്യം തന്നെയാണ്. അത്തരത്തിലുള്ള ആളുകളെ തീർച്ചയായും അല്ലാഹു അനുഗ്രഹിക്കുന്നതാണ്. ആയതിനാൽ നിങ്ങളുടെ ഭവനങ്ങളെ ദൈവസ്ത്രോത്രങ്ങൾ ഉരുവിടുവാനും ദൈവീക മനുഷ്യർക്കുമായി തുറന്നിട്ടുകൊണ്ട് ദൈവീകാനുഗ്രഹം കരസ്ഥമാക്കുവാൻ അഹമഹമിഹയ പരിശ്രമിക്കുക.

മുഹമ്മദ് (സ.അ) യുടെ കാലത്തുതന്നെ ഇസ്ലാമിന്റെ സന്ദേശം കേരളതീരത്തെത്തിയതായി മനസ്സിലാക്കുന്നു. സൗദിഅറേബ്യയ്ക്കു പുറത്ത് ഏറ്റവും പഴക്കമുള്ള ഒരു പള്ളി കേരളത്തിലാണ് സ്ഥിതി ചെയ്യുന്നത്. വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ് (അ) ന്റെ കാലത്തുതന്നെ കേരളത്തിൽ ബൈഅത്തുകൾ നടന്നിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ വന്നിരിക്കുന്ന ഈ വിനീതന്റെ കാലത്തും, നിങ്ങൾക്കാണ് ആദ്യമായി എന്നെ സ്വീകരിക്കുവാനും, അംഗീകരിക്കുവാനുള്ള അനുഗ്രഹം അല്ലാഹു പ്രദാനം ചെയ്തിരിക്കുന്നതു. നിങ്ങൾ ബൈഅത്തു ചെയ്തു, ഒരു പള്ളി നിർമ്മിച്ചു, ഏക ദൈവാരാധനയ്ക്കായി സമർപ്പിച്ചു., അല്ലാഹുവിന്റെ തൃപ്തിയെ കാംക്ഷിച്ചു മാത്രം. ആദ്യത്തെ ചരിത്ര മസ്ജിദ്, ചരിത്രത്തിന്റെ ഭാഗമായി മാറുന്ന, ഈ സംരംഭത്തിൽ, സാമ്പത്തികമായും മറ്റു രീതിയിലും സഹായിച്ച സഹകരിച്ച എല്ലാ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെയും അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ടു പുതക്കട്ടെ. നിങ്ങളുടെ സംഭാവനകൾ ഒരിക്കലും പാഴായി പോകില്ല, നിങ്ങൾ അല്ലാഹുവിനോട് ചേർന്നു നിൽക്കുക, അവന്റെ പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് (സ.അ) നോട് ചേർന്നു നിൽക്കുക, നിങ്ങളുടെ കാലഘട്ടത്തിൽ നിയോഗിതനായ ഈ വിനീത ദൂതനോട് ചേർന്ന് നിൽക്കുക.

നിശ്ചയം, നിങ്ങൾ ഇപ്പോൾ ഇത് ചരിത്രപരം എന്നു നമസ്സിലാക്കണമെന്നില്ല, എന്നാൽ മറ്റുള്ളവർ, നിങ്ങൾക്കു പിറകെ വരുമ്പോൾ ഇതിന്റെ ചരിത്രപ്രധാന്യം, ഈ പള്ളിയും അതിനു പിന്നിലെ സംഭവങ്ങളും, നോക്കിക്കാണുന്നതാണ്. നിശ്ചയമായും നിങ്ങളുടെ സന്താനങ്ങളും. അവരുടെ സന്താനങ്ങളും, അവരുടെ സന്താനങ്ങളും ഇതിൽ നിന്ന് പ്രയോജനം എടുക്കുന്നവരായിരിക്കും. ദീനിൽ ഇസ്ലാമിനുവേണ്ടി സമർപ്പിച്ച ഇതിന്റെ സത്ഫലങ്ങൾ തലമുറകൾ പിന്നിടുന്നതാണ്. ആയതിനാൽ നിങ്ങൾ എപ്പോഴും ഏകദൈവത്തിൽ അടിയുറച്ചു നിൽക്കുക, അതിൽ നിന്നും വ്യതിചലിച്ചുപോകരുത്. നിശ്ചയമായും അല്ലാഹു വെറുക്കുന്ന ഏറ്റവും വലിയ കാര്യം ഷിർക്ക് (അവനു പങ്കുകാരെ ചേർക്കൽ) ആണ്. ശ്രദ്ധിക്കുക, നിങ്ങളൊരിക്കലും അബൂ അമീറും അവന്റെ കൂട്ടുകാരേയും പോലാകരുത്. അവർ പള്ളി നിർമ്മിച്ചു, അല്ലാഹുവിനും അവന്റെ ദൂതനുമെതിരെ മോശമായ പദ്ധതികൾ അവർ അവിടെ ആവിഷ്കരിച്ചു. അല്ലാഹുവിനുവേണ്ടി നിർമ്മിച്ച പള്ളി, പരിശുദ്ധമായ ഒരു ദൈവീകാരാധനാലയം ആയിരിക്കണം. വിശ്വാസികൾക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്ന ഇടം, മറ്റൊന്നുമായിരിക്കരുതവിടം.

എല്ലാ ദിവസവും ഒരു പുതുദിനമാണ്. ഓരോ പുതിയ സൂര്യോദയവും, പുതിയ അവസരങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നതാണ്. ഈ പുതിയ അവസരങ്ങൾ കരസ്ഥമാക്കുവാൻ (എപ്പോഴും തയ്യാറായിരിക്കണം.) പരിപൂർണ്ണമായ ത്യാഗമാണ് അതിനുള്ള യഥാർത്ഥ ചെലവ്. വിശ്രമവേളകൾ, വിശ്രമ സമയങ്ങൾ ത്യാഗബുദ്ധിയോടെ ചെലവഴിച്ചാൽ നമുക്ക് ലക്ഷ്യത്തിലെത്താം. നമ്മിൽ കുമിഞ്ഞു കൂടിയിരിക്കുന്ന ശക്തി പ്രഭാവത്തെ ജ്വലിപ്പിക്കുക. അല്ലയോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ നിങ്ങൾ നിങ്ങളുടെ ത്യാഗത്തിന്റെ അഗ്നിയെ സ്ഫുടം ചെയ്തു പൂർണ്ണമായും ഇസ്ലാമിന്റെ നവോത്ഥാനത്തിനായി അർപ്പിക്കുക. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയിലൂടെയാണ് അത് നിർവ്വഹിക്കപ്പെടുക.

ഓരോരുത്തരോടും നിങ്ങളുടെ ആളുകളോടെന്ന പോലെ വർത്തിക്കുക. അവർക്കുവേണ്ടി നിങ്ങൾക്കു ഒരു നന്മയും ചെയ്യാൻ കഴിയില്ലെങ്കിലും, അവർക്ക് നിങ്ങൾ മൂലം ഒരു പ്രയാസവും ഉണ്ടാകരുത്. നിങ്ങളുടെ ഹൃദയത്തിന്റെ അകക്കാമ്പിൽ സ്നേഹത്തിന്റെ വിളക്ക് കത്തിക്കുക. അങ്ങനെ അവിടെ നിന്നും അസൂയയുടേയും ശത്രുതയുടേയും രാപക്ഷികൾ പറന്നകലട്ടെ. അവർക്ക് വെളിച്ചം അലർജിയാണ്, അല്ലാഹുവിനോടുള്ള അദമ്യമായ സ്നേഹം നിങ്ങളെ വിനയാന്വിതനാക്കുന്നു. മഹത്വവും, അനുഗ്രഹവും ലഭ്യമാകുമ്പോൾ നിങ്ങളുടെ ശിരസ്സ് താനെ കുനിയുന്നു. വിനയമില്ലാത്ത വ്യക്തി, ഏറ്റവും മോശമായ "താൻ വലിയവൻ"എന്ന രോഗ ബാധിതനാണ്. ഓർക്കുക. മനുഷ്യൻ മാത്രമാണ് മഹത്വവും, സ്തുതിയും തിരിച്ചറിയുവാനും അംഗീകരിക്കുവാനും കഴിവുള്ള ഏക ജീവി. ആ കഴിവിനെ ഉപയോഗപ്പെടുത്തുക. എന്നിട്ട് അതിലൂടെ ഏറ്റവും നല്ല സത്ഫലങ്ങൾ കരസ്ഥമാക്കുക.

പോസിറ്റീവും, നെഗറ്റീവും ആയി രണ്ടു വയറുകൾ ഉള്ളതുപോലെ അവരണ്ടും കൂടി ചേരുമ്പോഴാണ് പ്രകാശം ഉൽപാദിപ്പിക്കുന്നത്. അതുപോലെ അല്ലാഹുവും നിങ്ങളും ഒന്നിക്കണം. അഞ്ചു നേര പ്രാർത്ഥനകളിൽ, പ്രകാശം പ്രദാനം ചെയ്യുവാൻ. അതുകൊണ്ട് നിങ്ങൾ പരിശുദ്ധരായ ആളുകളുടെ അടുത്തേക്കും, സ്ഥലത്തേക്കും പോകുക. അവിടമായും, അവരുമായും, സൗഹൃദം പങ്കിടുക. ഒരു കാന്തത്തിന് ഇരുമ്പിനെ മാത്രമെ ആകർഷിക്കുവാൻ കഴിയുകയുള്ളൂ. ഒരു വിദ്യാർത്ഥി എപ്പോഴും അവനെ പഠനകാര്യത്തിൽ സഹായിക്കുന്ന അധ്യാപകരെ മാത്രമെ ആകർഷിക്കുകയുള്ളൂ. അത്തരത്തിലുള്ള കാര്യങ്ങൾമാത്രമായിരിക്കും അവനു സന്തോഷദായകവും പ്രിയപ്പെട്ടതും.

നിങ്ങൾ സ്നേഹിക്കുമ്പോൾ നിങ്ങൾക്ക് ഭയം ഉണ്ടാവുകയില്ല. നിങ്ങൾ ഒരു തേനീച്ചയെപോലെ ആയിരിക്കുക. എല്ലാ പൂവുകളിൽ നിന്നും തേൻ ശേഖരിക്കുക, കൊതുക് രക്തം കുടിക്കുന്നതുപോലെയാകരുത്. അത് പകരം നൽകുന്നത് രോഗം മാത്രമാണ്. പ്രഥമമായി നിങ്ങൾ കാണേണ്ടത് എല്ലാവരും ദൈവത്തിന്റെ മക്കളാണ് എന്നതാണ്. നിങ്ങളുടെ സഹോദരന്മാർ, സഹോദരിമാർ, സ്നേഹത്തിന്റെ ഗുണം വർദ്ധിപ്പിക്കുക. മനുഷ്യസമുദായത്തിന്റെ നന്മയെപറ്റി എപ്പോഴും ചിന്തിക്കുക. സ്നേഹം കൊടുക്കുക. സ്നേഹം തിരികെ കിട്ടും. വെറുപ്പ് ഒരിക്കലും നിങ്ങളുടെ ലക്ഷ്യമാകരുത്. സ്നേഹത്തെ ഉത്തേജിപ്പിച്ചാൽ എല്ലാവരോടും നിങ്ങൾക്ക് സ്നേഹത്തോടെ വർത്തിക്കുവാൻ കഴിയും. അതാണ് ആ മഹത്തായ പാഠം.

പള്ളികൾ നിർമ്മിക്കുന്നതിനേക്കാൾ പ്രാധാന്യമാണുള്ളതാണ് വ്യക്തികളെ നന്നാക്കുക, എന്നതും അതു പരിപാലിക്കുക എന്നതും. നിങ്ങളുടെ നന്മകളെ നിങ്ങൾ വർധിപ്പിക്കുക. കെട്ടിടങ്ങളല്ല മോടിപിടിപ്പിക്കേണ്ടത്. നിങ്ങൾ പറയുന്നത് നിങ്ങൾ ചെയ്തു കാണിക്കുക. അതാണ് യഥാർത്ഥ തീർത്ഥയാത്ര. നിങ്ങളുടെ മനസ്സ് നിങ്ങൾ ശുദ്ധീകരിക്കുക. അതിലുള്ള ശത്രുതയും വിദ്വേഷവും നീങ്ങട്ടെ. അതാണ് പരിശുദ്ധ ജലത്തിലെ യഥാർത്ഥ സ്നാനം. അല്ലാഹുവിന്റെ പേര് നാവുകൊണ്ട് പറയുന്നതുകൊണ്ട് നിങ്ങൾ എന്തു നേടാണാണ് ? അഥവാ അവനെ സ്മരിച്ചുകൊണ്ട് ഒരു പള്ളി നിർമ്മിച്ചതുകൊണ്ട് നിങ്ങൾ എന്തു നേടാനാണ് ? നിങ്ങളുടെ ഹൃദയം നിറയെ അശുദ്ധിയാൽ നിറഞ്ഞിരിക്കുകയാണെങ്കിൽ ! മനുഷ്യനിലെ ഈ ഒരു തെറ്റുകൊ് എല്ലായിടത്തും എല്ലാവരിലും അനീതിയും, അസംപ്തിയും വിളയാടുകയാണ്. അവർ ഒരുകാര്യം പറയുന്നു. അതിന് എതിരായി അവർ പ്രവർത്തിക്കുന്നു. അവരുടെ നാവും കൈകളും വിപരീത ദിശയിൽ ചലിക്കുന്നു. മനുഷ്യൻ സ്വയം നേരാവാൻ ശ്രമിക്കേണ്ടതാണ്. അവന്റെ ആഹാരം ശരിയാക്കേണ്ടതാണ്. അതുപോലെ ചിന്താരീതികൾ ശരിയാക്കേണ്ടതാണ്. അല്ലാഹുവിനെ സ്മരിക്കേത് അവന്റെ ഗുണവിശേഷങ്ങളിലൂടെയാണ്. ഹൃദയശുദ്ധിയോടെയാണ്, അങ്ങനെയായാൽ അവന്റെ പ്രവർത്തികളെല്ലാം ശുദ്ധമായിതീരുന്നതാണ്. നല്ല തീരുമാനം. നല്ല ഫലങ്ങൾ പ്രദാനം ചെയ്യും.

ആയതിനാൽ അല്ലയോ എന്റെ സഹോദരന്മാരെ, സഹോദരിമാരെ, കുട്ടികളെ, നിങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്ദേശശുദ്ധിയുടെ പ്രതിഫലനങ്ങളാകട്ടെ. നിങ്ങളുടെ പ്രവർത്തനങ്ങൾ, സ്നേഹത്തിന്റെ ഭാഷ സംസാരിക്കട്ടെ. അത്തരത്തിലുള്ള സ്നേഹം അല്ലാഹുവിന്റെ ജലത്തിൽ നിന്നും പുറപ്പെടുന്നതായിരിക്കും. നിങ്ങളുടെ പ്രവർത്തനങ്ങളനുസരിച്ച് നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. അതിനാൽ ശരിയായ ഇസ്ലാമിനോടൊപ്പം നിൽക്കുക. ഇസ്ലാം എന്തെന്ന് നിങ്ങളിലൂടെ സംസാരിക്കട്ടെ.

സർവ്വലോക രക്ഷിതാവായ അല്ലാഹുവിനുമാത്രമാണ് സർവ്വസ്തുതിയും.

അല്ലാഹു അക്ബർ
ഇസ്ലാം സിന്ദാബാദ്
ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സിന്ദാബാദ്
ജമാഅത്തുസ്സഹീഹിൽ ഇസ്ലാം കേരള സിന്ദാബാദ്
അല്ലാഹു അക്ബർ

*മുനീർ അഹ്മദ് അസീം*
*ഹസ്രത്ത് ഖലീഫത്തുല്ലാ*
*ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം*

*Munir Ahmad Azim*
*Hazrat Khalifathullah*
*Jamaat Ul Sahih Al Islam*

*Translated by :* *R. Jamaludin Raother*
*Amir, Jamaat Ul Sahih Al Islam*
*Kerala.*

*പരിഭാഷകൻ :* *ജമാലുദീൻ റാവുത്തർ. ആർ*
*അമീർ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം*
*(കേരള) നൂറുൽ ഇസ്ലാം മസ്ജിദ്*
*മാത്ര (പി.ഒ) പുനലൂർ, കൊല്ലം*
*കേരള, ഇന്ത്യ*
*ഫോൺ : 9447001832*